## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 20 — 30/11/2015 ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം

| ചോദ്യം<br>ശ്രീമതി. ജമീലാ പ്രകാശം | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) നെയ്യാറ്റിൻകര താലൂക്കിലെ പൊഴിയൂർ മണലിവിള വീട്ടിൽ എസ്. രാജമ്മ 2015 ജൂൺ 19-ാം തീയതി മുഖ്യമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിരുന്നോ;<br>(ബി) എങ്കിൽ ആ നിവേദനത്തിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;<br>(സി) ആ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും (സി) യും<br>തിരുവനന്തപുരം, നെയ്യാറ്റിൻകര, കാരോട്, പൊഴിയൂർ പി.ഒ. മണലിവിള വീട്ടിൽ ശ്രീമതി. രാജമ്മയ്ക്ക് ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 10,000/- രൂപ (പതിനായിരം രൂപ മാത്രം) ധന സഹായം 24/11/2015-ലെ സ.ഉ (സാധാ)നം. 6206/15/റവ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഉത്തരവിൻെറ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **തിരുവനന്തപുരം ജില്ല** - ധന സഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

ജി.ഒ.(ആർ.റ്റി) നമ്പർ: **6206/15**/റവ　　　　　തിരുവനന്തപുരം, തീയതി, **24/11/2015**

---

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര, കാരോട്, പൊഴിയൂർ പി.ഒ. മണലിവിള വീട്ടിൽ ശ്രീമതി. രാജമ്മയ്ക്ക് ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് **10,000/- രൂപ (പതിനായിരം രൂപ മാത്രം)** ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായിവരുന്ന **10,000/- രൂപ (പതിനായിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തുക **തിരുവനന്തപുരം ജില്ലാ കളക്ടർക്ക്** നൽകേണ്ടതും ജില്ലാ കളക്ടർ പ്രസ്തുത തുക അപേക്ഷകയ്ക്ക് രണ്ടാഴ്ചയ്ക്കകം നൽകി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ. ടി.കെ.**
**അണ്ടർ സെക്രട്ടറി**

**ജില്ലാ കളക്ടർ, തിരുവനന്തപുരം.**
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**